**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4926

27.10.2016- ൽ മറുപടിയ്ക്ക്

**വ്യാജപട്ടയ നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിലെ വ്യാജപട്ടയ നിർമ്മാണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) ഉണ്ട്. മൂളിയാർ വില്ലേജ് ഓഫീസിലെ മുൻ വില്ലേജ് അസിസ്റ്റന്റ് ശ്രീ.കൃഷ്ണൻ എന്നവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സർക്കാർ ഭൂമി ബിനാമികളുടെ പേരിൽ റവന്യൂ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് വാങ്ങി മറിച്ച് വിൽക്കുന്ന സംഘം ഇവിടെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഉണ്ട്. ഇതു സംബന്ധിച്ച് പോലീസും, വിജിലൻസും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) എങ്കിൽ ഈ വില്ലേജിൽ മുൻകാലങ്ങളിൽ സർക്കാർ ഭൂമി പതിച്ചു നൽകിയ നടപടികൾ കൂടി അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുമോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) ഈ വില്ലേജിൽ മുൻകാലങ്ങളിൽ പതിച്ച് നൽകിയ ഭൂമി സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷിക്കുന്നതാണ്. |
| (ഡി) റവന്യൂ വകുപ്പിന് പുറത്തുള്ള മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് ഈ വിഷയം അന്വേഷിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) പോലീസും വിജിലൻസും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ